**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **29-01-2024 - ൽ മറുപടിയ്ക്ക്**

**വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നഗര പ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയായ മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറു വർഷമാണ് പദ്ധതി കാലയളവ്. അർബൻ തദ്ദേശ സ്ഥാപനങ്ങളുടെ (ULBs) ഖരമാലിന്യ സംസ്കരണത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് ഒരു സമ്പൂർണ്ണ പരിഹാരമായി ആണ് ലോകബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരങ്ങൾക്കും അഞ്ചുവർഷത്തെ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കാൻ ആവശ്യമായ സഹായവും ബഹുവർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും നൽകുന്നതാണ്.<br><br>കൊച്ചി നഗരസഭയിൽ BPCL-ന്റെ സഹായത്തോടെ 150 TPD CBG Plant നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരികയാണ്.<br><br>എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് ജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ബ്ലാക്ക് സോൾജിയർ ഫ്ലൈ ലാർവയിൽ (BSF) അധിഷ്ഠിതമായ 100 ടൺ കപ്പാസിറ്റിയുള്ള രണ്ട് കമ്പോസ്റ്റിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>പെരിന്തൽമണ്ണ നഗരസഭയിൽ 'ബയോ ശക്തി ബയോ ഊർജ്ജ മോഡൽ' (Waste to Electricity) |

| | | | |
|---|---|---|---|
| | | | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് poultry മാലിന്യം കൈകാര്യം ചെയ്യുന്നതിന് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും റിസോഴ്സ് റിക്കവറി സെന്ററുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് അജൈവ മാലിന്യ പരിപാലനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ 20904 എണ്ണം മിനി എം.സി.എഫുകളും, 1981 എണ്ണം എം.സി.എഫുകളും, 167 എണ്ണം ആർ.ആർ.എഫ്.കളും സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഇവയുടെ പ്രവർത്തനം നിലവിലെ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നിരന്തരം അവലോകനം ചെയ്യുകയും സംസ്ഥാന വാർ റൂം പോർട്ടലിൽ ഇവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ നിരന്തരം തദ്ദേശ സ്ഥാപനതലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്., ആർ.ആർ.എഫ്. എന്നിവയുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിനാൽ നിലവിൽ എം.സി.എഫുകളും ആർ.ആർ.എഫുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എം.സി.എഫുകളുടെയും ആർ.ആർ.എഫുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും 07.10.2023-ലെ സ.ഉ. (സാധാ) നം.1971/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയർ സേഫ്റ്റി ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും കൃത്യമായ മാലിന്യ നീക്കം ഉറപ്പാക്കണമെന്നും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും ക്യാമ്പയിൻ പ്രവർത്തനങ്ങൾ വഴിയും നിലവിൽ എം.സി.എഫുകളും ആർ.ആർ.എഫുകളും കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ ഹരിതകർമ്മ സേനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഹരിതകർമ്മസേനയെ കൂടുതൽ സുതാര്യവും ജനകീയവുമാക്കുന്നതിനും ശുചിത്വമാലിന്യം സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഹരിതകർമ്മസേനയെ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനാ പ്രവർത്തകരുടെ എണ്ണം എത്രയെന്നും ഇവർക്ക് പ്രതിമാസം ശരാശരി എത്ര രൂപയുടെ വേതനം | (ഡി) | നിലവിൽ 34660 കുടുംബശ്രീ അംഗങ്ങളാണ് ഹരിതകർമ്മസേനയിൽ പ്രവർത്തിക്കുന്നത്. ഓരോ പ്രദേശത്തെയും ഹരിതകർമ്മ സേനയുടെ പ്രവർത്തനരീതിയും വാതിൽപ്പടി ശേഖരണത്തിന്റെ |

| | | | |
|---|---|---|---|
| | ലഭികുന്നുവെന്നും ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | | തോത്, യൂസർഫീയുടെ ലഭ്യത എന്നിവ അനുസരിച്ച് അവരുടെ വരുമാനം വ്യത്യാസപ്പെട്ടിരിക്കും. 07/10/2023 ലെ സ.ഉ (സാധാ) നം.1971/2023/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കുറഞ്ഞത് 10,000/- രൂപ എങ്കിലും മാസവരുമാനമായി ലഭിക്കാത്ത ഹരിതകർമ്മ സേനാംഗങ്ങൾക്ക് ടി കുറവ് നികത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ വയബിലിറ്റി ഗ്യാപ് ഫണ്ട് വകയിരുത്തുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ